വൈദ്യുതി പോസ്റ്റുകളുടെ ഗുണനിലവാരം

42(2243) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺക്രീറ്റ് കൊണ്ടുള്ള വൈദ്യുതി പോസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) പോൾകാസ്റ്റിംങ് യൂണിറ്റുകളിൽ ഉദ്യോഗസ്ഥരുടെ പരിശോധന കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഊർജ്ജ വിതരണ ലൈനുകൾ കേബിളുകളാക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) കോൺക്രീറ്റ് പോസ്റ്റുകൾ നിർമ്മിക്കുന്നതിന് ഇന്ത്യൻ സ്റ്റാൻഡേർഡ് കോഡുകളിലും ആർ.ഇ.സി. നിർദ്ദേശങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര പരിശോധനകൾ പോൾ കാസ്റ്റിംഗ് യൂണിറ്റുകളിൽ നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയശേഷമാണ് കരാറുകാരിൽനിന്നും പോസ്റ്റുകൾ സ്വീകരിക്കുന്നത്. ബ്രേക്ക് ടെസ്റ്റ്, ഡിഫ്ളക്ഷൻ ടെസ്റ്റ്, 28th day കൃബ് സ്ട്രെങ്ത് ടെസ്റ്റ് തുടങ്ങിയ ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. വൈദ്യുതി പോസ്റ്റുകളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. പോസ്റ്റുകളുണ്ടാക്കുന്ന യാർഡുകളിൽ ഏതു സമയവും ബന്ധപ്പെട്ട ബോർഡ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കാൻ അധികാരമുണ്ട്.
2. BIS/REC Specifications പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും ബോർഡ് ഉദ്യോഗസ്ഥന്റെ (ഇലക്ട്രിക്കൽ സർക്കിളിലെ സിവിൽ വിഭാഗം ഉദ്യോഗസ്ഥൻ) സാന്നിദ്ധ്യത്തിൽ നടത്തിയതിനു ശേഷമാണ് കരാറുകാരിൽനിന്ന് പോസ്റ്റുകൾ വാങ്ങുന്നത്.
3. പോസ്റ്റുകൾ 18 മാസത്തെ ഗ്യാരന്റി ഉറപ്പുതരുന്നുണ്ട്. ഈ കാലയളവിൽ പോസ്റ്റുകൾക്ക് എന്തെങ്കിലും കേടുപാടുകൾ വന്നാൽ അത് മാറ്റിത്തരാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(ബി) നിലവിൽ യഥാസമയം കർശന പരിശോധന നടത്തുന്നുണ്ട്.

(സി) നിലവിലുള്ള വൈദ്യുതി ലൈൻ സംവിധാനം മാറ്റി അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് വമ്പിച്ച സാമ്പത്തിക ചെലവ് വരുമെന്നതിനാൽ ഘട്ടംഘട്ടമായി അവശ്യ മേഖലകളിൽ മാത്രം അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly